**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1720** **08-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ഗൂഡല്ലൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നാട്ടുകാണിച്ചുരം വഴി തമിഴ്നാട്ടിലേക്കുള്ള അന്തർസംസ്ഥാന ബസ് സർവ്വീസായിരുന്ന നിലമ്പൂർ -ഗൂഡല്ലൂർ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് കോവിഡ് വ്യാപനത്തെ തുടർന്ന് നിർത്തിവെച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | നാട്ടുകാണിച്ചുരം വഴി തമിഴ്നാട്ടിലേക്കുള്ള അന്തർ സംസ്ഥാന ബസ് സർവ്വീസായ നിലമ്പൂർ - ഗൂഡല്ലൂർ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് കോവിഡ് വ്യാപനത്തെ തുടർന്ന് 23.03.2020 മുതലാണ് നിർത്തി വെച്ചിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂലം തമിഴ്നാട്ടിലേയ്ക്കുള്ള എല്ലാ അന്തർസംസ്ഥാന സർവ്വീസുകളും കോർപ്പറേഷൻ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാരിന് കത്ത് നൽകിയിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. തമിഴ്നാട് സർക്കാരിൽ നിന്നും അനുകൂലമായ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തമിഴ്നാട്ടിലേയ്ക്കുള്ള അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്. |
| (ബി) | തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് തമിഴ്നാട് സർക്കാരിന്റെ ബസ് സർവ്വീസുകൾ നാട്ടുകാണി ചുരം വഴി നിലവിൽ സർവ്വീസ് നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സർവ്വീസുകളാണ് കേരളത്തിലെത്തുന്നതെന്ന് അറിയിക്കാമോ; കേരളത്തിന്റെ അനുമതിയോടെയാണോ പ്രസ്തുത സർവ്വീസ് തമിഴ്നാട് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | തമിഴ്നാട് കോർപ്പറേഷന്റെ ബസ്സുകൾ തമിഴ്നാട്ടിലെ നാട്ടുകാണി എന്ന സ്ഥലം വരെയും കെ.എസ്.ആർ.ടി.സി സർവ്വീസുകൾ വഴിക്കടവ് വരെയുമാണ് നിലവിൽ സർവ്വീസ് നടത്തുന്നത്. തമിഴ്നാട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ കേരളത്തിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നില്ല. അത്തരത്തിൽ സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. അനുമതി നൽകിയിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി സർവ്വീസ് ഇല്ലാത്തത് കാരണം നാട്ടുകാണി വഴി ഗൂഡല്ലൂരിലേക്ക് സ്വകാര്യ വാഹനങ്ങൾ അമിത ചാർജ് ഈടാക്കുന്നത് മലയാളികളായ യാത്രക്കാരെ ബുദ്ധിമുട്ടിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | തമിഴ്നാട്ടിലേയ്ക്കുള്ള അന്തർസംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി ആരംഭിച്ചാൽ മാത്രമേ ടി വിഷയം പരിഹരിക്കുന്നതിന് സാധിക്കുകയുള്ളൂ. അന്തർ സംസ്ഥാന സർവ്വീസുകൾ എത്രയും വേഗം ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തമിഴ്നാട് സർക്കാരിന് കേരള സർക്കാർ കത്ത് നൽകിയിട്ടുണ്ടെങ്കിലും |

| | | | |
|---|---|---|---|
| | | | അനുകൂലമായ ഉത്തരവ് നാളിതുവരെയും ലഭിച്ചിട്ടില്ലാത്തതാകുന്നു. തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ട് അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | നാട്ടുകാണി ചുരം വഴിയുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിന് തമിഴ്നാട് സർക്കാരിന്റെ അനുമതി ആവശ്യമാണോ; പ്രസ്തുത അനുമതി ലഭിക്കാത്തതിനാലാണോ സർവ്വീസ് പുനരാരംഭിക്കാത്തത് എന്നറിയിക്കാമോ; ഇതിനായി തമിഴ്നാട് സർക്കാരുമായി ആശയ വിനിമയം നടത്തിയിരുന്നോ; | (ഡി) | അന്തർസംസ്ഥാന സർവ്വീസുകൾക്കായുള്ള കരാർ പ്രകാരം നാട്ടുകാണി ചുരം വഴിയുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിന് തമിഴ്നാട് സർക്കാരിന്റെ അനുമതി ആവശ്യമാണ്. ഇത് ലഭ്യമാകാത്ത തിനാലാണ് ടി സർവ്വീസ് പുനരാരംഭിക്കാത്തത്. അന്തർസംസ്ഥാന സർവ്വീസുകൾ എത്രയും വേഗം ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തമിഴ്നാട് സർക്കാരിന് കേരള സർക്കാർ കത്ത് നൽകിയിട്ടുണ്ടെങ്കിലും അനുകൂലമായ തീരുമാനം നാളിതു വരെയും ലഭിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; തമിഴ്നാട് സർക്കാരിൽ സമ്മർദ്ദം ചെലുത്തി സർവ്വീസ് പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) | തമിഴ്നാട്ടിലേയ്ക്കുള്ള അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കണമെന്ന് ബഹു. കേരള മുഖ്യമന്ത്രി തന്നെ തമിഴ്നാട് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ മൂലം കേരളത്തിലേയ്ക്കും തിരിച്ചുമുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുന്ന കാര്യം തമിഴ്നാട് സർക്കാർ പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ